കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ നടപടി

13 [3357] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സമയമായോ;

(ബി) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി എന്നുവരെയായിരുന്നു;

(സി) സംസ്ഥാന സർക്കാർ ജീവക്കാർക്ക് ഇപ്പോൾ കൊടുക്കുന്ന ഡി.എ. ബോർഡിൽ കൊടുക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഡി.എ. കുടിശ്ശിക കൊടുക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ;

(ഇ) എത്ര ശതമാനം ഡി.എ. ആണ് കുടിശ്ശികയായിട്ടുള്ളത്;

(എഫ്) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികളുമായി മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ കെ.എസ്.ഇ.ബി. ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) കെ.എസ്.ഇ.ബി.-യിൽ വളണ്ടറി റിട്ടയർമെന്റ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഈ സ്വയംപിരിയൽ പദ്ധതി നടപ്പാക്കുമോ;

(ഐ) ആശ്രിത നിയമനം കെ.എസ്.ഇ.ബി.-യിൽ നടക്കുന്നുണ്ടോ;

(ജെ) ഇതിൽ എന്നുവരെ ആൾക്കാരെ നിയമിച്ചിട്ടുണ്ട്; ഇനിയും നിയമിക്കുവാൻ ശേഷിക്കുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) കെ.എസ്.ഇ. ബോർഡിലെ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 31-7-2003-ൽ തീർന്നു.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കാര്യം യഥാസമയം പരിശോധിക്കാവുന്നതാണ്.

(ജി ആന്റ് എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

(ഐ) ഉണ്ട്.

(ജെ) 12/2004 വരെ പരിഗണിക്കപ്പെട്ടവരെ നിയമിച്ചിട്ടുണ്ട്. എന്നാൽ ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് തസ്തികയിൽ 3 പേർക്കും (11/2004-നു ശേഷം ഉള്ളവർ) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 22-10-2002-നു ശേഷമുള്ള 133 പേർക്കും ഇനിയും നിയമനം നൽകാനുണ്ട്.

ബോർഡിൽ നടക്കുന്ന പ്രമോഷനുകളിൽ വികലാംഗ അനുപാതം പൂർണ്ണമായി പാലിക്കപ്പെടുവാൻ നടപടി

14 [3358] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നടക്കുന്ന പ്രമോഷനുകളിൽ വികലാംഗ ജീവനക്കാർക്ക് എത്ര ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1-1-2004-നു ശേഷം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് എത്ര പേർക്ക് പ്രമോഷൻ നൽകി; ഇതിൽ എത്ര വികലാംഗരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ വികലാംഗ അനുപാതം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(സി) ബോർഡിൽ നടക്കുന്ന പ്രമോഷനുകളിൽ വികലാംഗ അനുപാതം പൂർണ്ണമായി പാലിക്കപ്പെടുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ ചില ക്ലാസ് III, IV തസ്തികകളിലെ 3 ശതമാനം ഒഴിവുകളും സീനിയർ സൂപ്രണ്ട് തസ്തികയിലെ 3 ശതമാനം ഒഴിവുകളും വികലാംഗർക്കായി സംവരണം ചെയ്തുകൊണ്ട് ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവ് വിദ്യുച്ഛക്തി ബോർഡിലും നടപ്പാക്കിയിട്ടുണ്ട്.

(ബി ആന്റ് സി) സീനിയർ സൂപ്രണ്ടായി 287 പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. ഇതിൽ സംവരണാനുകൂല്യപ്രകാരം വികലാംഗരായ ആർക്കും പ്രമോഷൻ നൽകിയിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം സംവരണം ചെയ്ത ഒഴിവുകളിലേയ്ക്ക് പ്രമോഷൻ നടത്തുവാൻ പി.എസ്.സി.-യുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട ഉത്തരവുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly